

# CHURCH VOICE

**C. S. I. MATEER MEMORIAL CHURCH**

Vol. 19 No. 3 Newsletter March 2021



**“ഞാൻ ശാരോനിലെ പനിനീർപുഷ്പവും താഴ്‌വരകളിലെ താമരപ്പൂവും ആകുന്നു.”** ഉത്തമഗീതം 2:1

# CEYF Christmas Carol Service















# CHURCH VOICE

19th year of publication

**MARCH 2021**

**EDITORIAL BOARD**

**CHIEF EDITOR**

Rev. D. Jacob

**CONVENOR**
**Literary Board & Editor**

D. S. Valsa

Rev. Y. Vijayadas

Rev. N. Aji

Rev. N.L. Praveen Raj

P. R. Premakumar
(Sub Editor)

Dr. Thampi Samraj Y. C.

Stanley Wilson

Dr. Samson Nessiah

Dr. Sajitha Sanjeev



**ADDRESS**

The Chief Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles/Feedback may be sent to

churchvoice@gmail.com
before 15th of every month



Church Voice can be read online at our website

www.mateermemorialchurch.com

**PRINTED AT**

**GRACE PRINTERS**
**Muttada Ph: 9447059891**


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| Week days | Morning Worship (Monday to Saturday) | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.30 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| | Bible Study | 05.30 p.m. |
| Monday | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparatory Service (eve of first Sunday) | 05.45 p.m |
| | Fasting Prayer (Second Saturday) | 10.00 a.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. D. Jacob (President) | 2724658 | 9447886139 |
| Rev. Y. Vijayadas (Presbyter) | 2316544 | 9496369672 |
| Rev. N. L. Praveen Raj (Presbyter) | 2316644 | 8547113982 |
| Rev. N. Aji (Presbyter) | | 9495745337 |
| Dr. Thampi Sam Raj Y. C. (Church Secretary) | | 9496440463 |
| Mr. Stanley Wilson (Church Accountant) | | 9447744777 |
| Dr. Samson Nessiah | | 9447126931 |
| Mr. Premchand Johnson | | 9447118118 |
| Mr. Padma Kumar L. J. | | 9895393794 |
| Er. Joshua A. | | 9447388607 |
| Dr. Sugunan V. S. | | 9446551854 |
| Er. Ceragil Austin Prince | | 9037819570 |
| Mr. Peter Chellaiah | | 9400330003 |
| Mrs. Valsa D. S. | | 9744088183 |
| Mrs. Grisilda Wills | | 9995236650 |
| Mr. Jobin B. David | | 8891412585 |
| Mr. Jayakumar Alfred T. | | 9895110652 |
| **Church Office** | **2311347** | |
| Mr. M. Sathia Raj (Manager) | | 9446341682 |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |

**From the Presbyter's desk**



# എനിക്ക് ഇഷ്ടമുള്ള നോമ്പ്

'എനിക്ക് ഇഷ്ടമുള്ള നോമ്പും മനുഷ്യൻ ആത്മതപനം ചെയ്യുന്ന ദിവസവും ഇങ്ങനെയുള്ളതോ? തലയെ വേഴത്തെപ്പോലെ കുനിയി ക്കുക, രട്ടും വെണ്ണീരും വിരിച്ചു കിടക്കുക, ഇതാകുന്നുവോ ഉപവാസം? ഇതിനോ നീ നോമ്പെന്നും യഹോവയ്ക്ക് പ്രസാദമുള്ള ദിവസമെന്നും പേർ പറയുന്നത്?' (യെശ 58:5). നോമ്പും ഉപവാസവും ആചാര അനുഷ്ഠാനങ്ങളല്ല, അനുഭവമാകണമെന്ന് പ്രവാചകൻ ഓർമ്മിപ്പിക്കുന്നു. ക്രിസ്തുമാർഗ്ഗം ലോകത്തിന് നൽകിയ ശ്രേഷ്ഠമായ പാഠം നോമ്പിന്റെ ചൈതന്യമാണ് ക്രിസ്തു നാൽപ്പതു ദിവസം ഉപവസിച്ചതും വിശുദ്ധന്മാർ ഉപവാസത്തിലൂടെ ജീവിതത്തെ ക്രിസ്തുവിനോട് ചേർത്തതും ഉദാഹരണമാണ്. ഉപവാസം ഒരു ജീവിതചര്യയായിരിക്കണം. കർത്താവ് ശിഷ്യന്മാരോട് ആവശ്യപ്പെട്ടത് ഒരു കാര്യമാണ് - ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ! ദൈവാനുസൃതം പ്രവർത്തിക്കാനും, ദൈവശക്തിയും കൃപയും പ്രാപിക്കാനും, പരീക്ഷ കളെ അതിജീവിക്കാനും, ശുദ്ധീകരണം പ്രാപിക്കാനും ഉപവാസം കൂടിയേ തീരൂ. ശാരീരിക നേട്ടങ്ങൾ മാത്രമല്ല മാനസികവും ആത്മീകവുമായ ഗുണങ്ങളും ഉപവാസത്തിലൂടെ ലഭിക്കുന്നു.

1. ചെയ്യുന്ന പ്രവൃത്തികൾ കൂടുതൽ ശ്രദ്ധയോടും കാര്യക്ഷമത യോടും കൂടി നടത്താം. മുൻഗണനാക്രമം നിശ്ചയിക്കാനും പ്രധാനപ്പെട്ട വയ്ക്ക് ശ്രദ്ധ കേന്ദ്രീകരിക്കാനും സാധിക്കുന്നു.
2. മനസ്സ് കൂടുതൽ ശാന്തവും സന്തോഷപ്രദവും സമാധാനമു ള്ളതും ആയിരിക്കും.
3. ശരിയായ വിശപ്പ് സഹിക്കുമ്പോൾ മാത്രമേ വിശക്കുന്നവന്റെ പ്രയാസങ്ങൾ മനസ്സിലാക്കാൻ സാധിക്കൂ.
4. ശരീരം കൂടുതൽ ശ്രദ്ധിക്കാനും ചുറ്റുപാടുകൾ വ്യക്തമായി മനസ്സിലാക്കാനും സാദ്ധ്യതയേറുന്നു.
5. ലൗകീക ചിന്തകളിൽ നിന്ന് അകന്നു,നമ്മിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരി ക്കുമ്പോൾ ലഭിക്കുന്ന ഭക്ഷണത്തിനും, ആരോഗ്യത്തിനും, സാദ്ധ്യതകൾക്കും ദൈവത്തോടു നന്ദി പറയാൻ കൂടുതൽ സാവ കാശം ലഭിക്കുന്നു.
6. പ്രാർത്ഥനയിൽ ഏകാഗ്രമായിരിക്കാനും ദൈവശബ്ദത്തിന് ചെവി കൊടുക്കാനുമുള്ള മനസ്സ് ലഭിക്കുന്നു.

നോമ്പാനുഷ്ഠാനം സ്വയം നിയന്ത്രണത്തിനും അച്ചടക്കത്തിനും

വേണ്ടിയാണ്. സന്തോഷത്തോടെസ്വയം ഏറ്റെടുക്കുന്ന ആത്മ നിയന്ത്രണ മാർഗ്ഗമാണ്. പരിമിതികളുള്ള മനുഷ്യന് ദൈവസംസർഗ്ഗ ത്തിൽ ജീവിക്കാനുള്ള സഫലമായ മാർഗ്ഗം. ഡോ. മാത്യൂസ് മാർസേവേറിയോസ് മെത്രാപ്പോലീത്താ നോമ്പിന്റെ നേട്ടങ്ങളെ ഇപ്രകാരം വിവരിക്കുന്നു:-

1. നോമ്പ് നമുക്ക് ശരീരത്തിന്മേൽ നിയന്ത്രണം നേടിത്തരുന്നു. ഭക്ഷണനിയന്ത്രണം ഭോഗപ്രീയത്തിൽ നിന്നും നമ്മെ കാക്കുന്നു.
2. നോമ്പ് നമ്മുടെ ജീവിതം ലളിതമാക്കുന്നു. ആവശ്യമുള്ളവയിൽ സ്വയം പരിമിതപ്പെടുത്താനും അത്യാവശ്യമില്ലാത്തവയിൽ നിന്നും അനാവശ്യത്തിൽ നിന്നും മാറി നിൽക്കാനുമുള്ള ശക്തി നമുക്ക് തരുന്നു.
3. നോമ്പ് ശരീരത്തിന്റെ ഭാരം ലഘൂകരിച്ചുകൊണ്ട് പ്രാർത്ഥനയ്ക്ക് ആക്കം കൂട്ടുന്നു. മനസ്സിനെയും ആത്മാവിനെയും പ്രാർത്ഥനയ്ക്കുള്ള അലസതയിൽ നിന്ന് മോചിപ്പിക്കുന്നു.
4. നോമ്പ് ജീവിത അച്ചടക്കം തിരിച്ചുതരുന്നു. ആത്മീയയാത്രയുടെ തുടക്കമാണ്.
5. നോമ്പ് ദൈവകൽപ്പനകളെ അനുസരിക്കാൻ പ്രാപ്തി നേടിത്തരുന്നു.
6. നോമ്പ് ഹൃദയശുദ്ധീകരണം വരുത്തുന്നു. ജഡം നമ്മിൽ ആധിപത്യം നേടിയാൽ ഹൃദയശുദ്ധീകരണം നിലനിൽക്കയില്ല. നമ്മുടെ ഇന്ദ്രിയങ്ങൾ അശുദ്ധബന്ധങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കണം.
7. നോമ്പ് പറുദീസാ ജീവിത അനുഭവത്തിലേക്ക് തിരിച്ചുകൊണ്ടു ചെല്ലുന്നു. പറുദീസയിൽ സ്വന്തമോഹം ദൈവസ്നേഹത്തെ നിരസിച്ചു. നോമ്പിൽ സ്വന്ത ഇച്ഛയാൽ ദൈവസ്നേഹത്തെ ആശ്ലേഷിക്കുന്നു.
8. നോമ്പ് നമ്മുടെ ആത്മീയ പ്രവർത്തനങ്ങളെ ബലപ്പെടുത്തുന്നു.

അതിനാൽ നാം അതീവശ്രദ്ധയോടെ കരുതിക്കൊള്ളേണ്ടത്:

Watch your THOUGHTS
For they become WORDS
Watch your WORDS
For they become ACTIONS
Watch your ACTIONS
For they become HABITS
Watch your HABITS
For they become CHARACTER
Watch your CHARACTER
For it becomes your DESTINY

പ്രാർത്ഥനാശംസകളോടെ,
ജേക്കബ്ബച്ചൻ

എഡിറ്റോറിയൽ



# അർത്ഥവത്തായ നോമ്പുകാലം

തികച്ചും അപരിചിതരായിരുന്ന രണ്ടുപേർ ഒരു ആശുപത്രിയുടെ ഒരേ റൂമിൽ കണ്ടുമുട്ടി. രണ്ടുപേരും തീരെ അവശരായിരുന്നു. ഒരാൾക്ക് പരസഹായത്തോടെ അല്പസമയം എഴുന്നേറ്റിരിക്കാം മറ്റേ ആൾ ശരീരം തളർന്ന് ഒരേ കിടപ്പായിരുന്നു. കുടുംബത്തിലെ വിശേഷങ്ങൾ, പഴയകൂട്ടുകാർ, കഴിഞ്ഞ കാലത്തെ മറക്കാനാവാത്ത സംഭവങ്ങൾ ഇതൊക്കെയായിരുന്നു അവരുടെ സംസാരവിഷയങ്ങൾ. ജനാലയ്ക്കരികിൽ കിടന്നിരുന്ന തോമസിനെ എല്ലാ വൈകുന്നേരവും കുറെ സമയം എഴുന്നേറ്റിരിക്കാൻ നഴ്സ് സഹായിക്കും. തോമസ് ജനാലയിലൂടെ കാണുന്ന കാഴ്ചകൾ അതിന്റെ സൗന്ദര്യം ചോർന്നുപോകാതെ തികച്ചും കിടപ്പിലായിരുന്ന ജോണിനെ കേൾപ്പിക്കും. അകലെയുള്ള കുളം, കുളക്കരയിലെ കുട്ടികൾ, കുളത്തിൽ നീന്തുന്ന അരയന്നങ്ങൾ, മരത്തിലെ കിളികൾ ഇതെല്ലാം തോമസ് വിവരിക്കുമായിരുന്നു. ജോൺ കണ്ണുകളടച്ച് ആ കേൾക്കുന്ന കാര്യങ്ങൾ അകക്കണ്ണിലൂടെ കാണും. സുന്ദരമായ സായ്ഹങ്ങൾക്കായി അവർ കാത്തിരിക്കുമായിരുന്നു.

ഒരു ദിവസം സൈനികർ പരേഡ് ചെയ്യുന്ന കാഴ്ചയായിരുന്നു തോമസ് വിവരിച്ചത്. ജോൺ സൈനികരുടെ ബൂട്ട്സിന്റെ ഒച്ചയ്ക്കായി ശ്രദ്ധിച്ചു. പക്ഷേ ഒച്ച കേൾക്കാനായില്ല. എന്നാൽ പരേഡിന്റെ ഓരോ ചലനവും കാണാൻ തോമസിന്റെ കണ്ണുകളിലൂടെ ജോണിന് സാധിച്ചു. ഓരോ ദിവസവും ജോണിന്റെ സന്തോഷം കാണുമ്പോൾ തോമസിന് സന്തോഷം ഇരട്ടിക്കുകയായിരുന്നു. ജോൺ സായാഹ്നങ്ങൾക്കായി കാത്തിരുന്നു. ഒരു ദിവസം പ്രഭാതത്തിൽ ജോൺ തോമസിനെ വിളിച്ചു. തിരിച്ച് ഒരു ശബ്ദവും കേൾക്കുന്നില്ല. നഴ്സ് വന്നു. ശാന്തനായി, ഉറങ്ങിക്കിടക്കുന്ന തോമസ് ഇനി വിളി കേൾക്കില്ല എന്ന സത്യം നഴ്സ് ജോണിനെ അറിയിച്ചു. ദിവസങ്ങൾ കഴിഞ്ഞു ജോൺ നഴ്സിനോട് ചോദിച്ചു "സഹോദരി എന്നെ തോമസിന്റെ കട്ടിലിൽ കിടത്താമോ"

ആ കട്ടിലിൽ കിടന്ന ജോൺ അതിനടുത്തുള്ള ജനാലയിൽ കൂടെ ഒന്നു നോക്കി .അവിടൊന്നും കാണാനില്ല. ഒരു വലിയ മതിൽ മാത്രം. തോമസ് ഓരോ സായാഹ്നങ്ങളിലും ജോണിനോട് പറഞ്ഞ കാര്യങ്ങൾ ഒന്നൊന്നായി നഴ്സിനോട് പറഞ്ഞു. അപ്പോഴാണ് തന്റെ സുഹൃത്ത് ഒരു അന്ധനായിരുന്നെന്നും തന്നെ സന്തോഷിപ്പിക്കാനായി ജനാലക്കപ്പുറത്തെ വിശേഷങ്ങൾ സങ്കല്പത്തിലൂടെ പറഞ്ഞതെന്നും മനസിലാക്കിയത്. തന്റെ വേദനയിലും മറ്റൊരുവന് സന്തോഷം പകരുന്നതിലൂടെ തോമസ് തന്റെ സന്തോഷം ഇരട്ടിയാക്കുകയായിരുന്നു.

ഈ നോമ്പുകാലത്തിൽ നമ്മുടെ വേദനകൾ മറന്ന് മറ്റൊരുവന് സന്തോഷം പകരാൻ ശ്രമിക്കാം. നോവുന്നവന് അൻപ് നൽകി നമ്മുടെ സന്തോഷം ഇരട്ടിയാക്കാം. ദൈവം നമുക്ക് വേണ്ടി ഇതല്ലേ ചെയ്തത്. നമ്മുടെ സാമിപ്യം മറ്റുള്ളവർക്ക് ആശ്വാസവും സന്തോഷവും അനുഭവിയ്ക്കാൻ ഇടയാവണം, അതായിരിക്കട്ടെ നമ്മുടെ പ്രാർത്ഥന.

നോമ്പിന്റെ നാളുകൾ ശുദ്ധീകരണത്തിന്റെ ദിനങ്ങളാവണം. ഏതെല്ലാം മേഖലകളിൽ നാം തോറ്റുപോയി എന്നു തോന്നുന്നുവോ അതിൽ മെച്ചപ്പെടലുകൾ ഉണ്ടാവാൻ മനഃപൂർവ്വമായി പരിശ്രമിക്കാനുള്ള ദിനങ്ങളാവണം. വാക്കുകളും പ്രവൃത്തികളും നമുക്കും, അപരനും വേദന ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്ന നാളുകളാകണം. നമ്മുടെ ചുമതലകൾ പിറുപിറുപ്പില്ലാതെ ചെയ്തു തീർക്കാൻ കഴിയുന്ന ദിവസങ്ങളാകണം. നമുക്ക് ഏറ്റവും പ്രിയപ്പെട്ടത് എന്ന് തോന്നിയ കാര്യങ്ങൾ ചുരുക്കം ദിവസങ്ങളെങ്കിലും വർജ്ജിക്കാൻ ശ്രമിക്കുന്ന നാളുകളാകണം. നാം ദൈവത്തിന്റെ പ്രിയമക്കൾ ആണെന്ന സത്യം അനുഭവിച്ചറിയുന്ന ദിനങ്ങളാവണം ഈ നോമ്പുകാലം.

യെശയ്യാവ് 58:6–12 വരെയുള്ള വാക്യങ്ങൾ പറയുന്നതുപോലെ വിശപ്പുള്ളവന് ആഹാരം നൽകി, സാധുവിനെ ചേർത്തണച്ച്, അന്യായബന്ധനങ്ങളെ അകറ്റി, നമ്മുടെ വെളിച്ചം ഉഷസുപോലെ പ്രകാശിപ്പിക്കാം. നമ്മുടെ മുറിവുകൾക്ക് പൊറുതി വരുത്താം. ഈ നോമ്പുകാലം അടുത്ത ഒരു വർഷത്തെ വിജയകരമായ ജീവിതത്തിനുള്ള തയ്യാറെടുപ്പിന്റെ കാലമാകട്ടെ. അപ്രകാരം നോമ്പിന്റെ കാലം അർത്ഥവത്താകാൻ പരിശ്രമിക്കാം.

**വത്സ ഡി. എസ്.**
**എഡിറ്റർ**



**Dear friends in Christ,**

**Greetings in the precious name of our Lord and Savior Jesus Christ.**

Lent is the season to observe and commemorate the passion, death and resurrection of Jesus Christ, the son of God, our Savior and Redeemer. The lent season begins with Ash Wednesday. CSI MM Church observed Ash Wednesday on 17th February 2021 along with the morning worship service at 7:00am followed with Holy Communion.

**1. Church Committee Meeting**

Church Committee meetings were held on 3rd February 2021, Wednesday and 14th February 2021 Sunday respectively.

**2. Accounts for the months of October and December 2020**

The receipts and payments for the month of January 2021 is published at page nos. -- to -- of this issue.

**3. Church Worship Services**

By the grace of God Church Worship services on Sundays have been continued without any break during February 2021. Online streaming of 9 am Malayalam service was also continued. Similarly morning worship service in week days were also continued. Besides vestry prayer also conducted in all Monday's.

**4. Bible Study**

After a long gap, Bible study was restarted under the guidance of Rev. D. Jacob on all Mondays at 5:00 pm.

**5. Prayer Fellowship at 'Ausbeth', Kowdiar**

Prayer Fellowship at 'Ausbeth', Kowdiar was also restarted on all Tuesdays at 5:00 pm.

**6. SIUC Rally**

SIUC Rally for restoration of reservation in professional colleges especially in Dr. SMCSI Medical College, Karakkonam was organised by the South Kerala Diocese on 19th February 2021. MM Church members also participated in the rally.

**7. Marriages**

5 marriages were held at our Church during the month, of which 2 marriages were of our Church members:

i. Mr. Sanjeev J. Santhosh (Family No. 1350) weds Ms. Puthotam Anusha on 11-02-2021

ii. Ms. Soumya S. (Family No. 1442) weds Jijo S. John on 11-02-2021

Hearty Congratulations and blessings to the newly wed couples.

May God our Father and the Lord Jesus Christ give us all grace and peace.

"Whoever goes to the LORD for safety, whoever remains under the protection of the Almighty, can say to him, You are my defender and protector. You are my God; in you I trust." Psalm 91:1,2

**Dr. Thampi Sam Raj Y. C.**
Church Secretary

# അവസാനിക്കാത്ത സ്നേഹത്തിന്റെ അവസാനത്തെ അത്താഴം

**റവ. എൻ. അജി**

ജീവിതവും മരണവും സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ആഘോഷമാക്കി മാറ്റിയ ക്രിസ്തുവിന്റെ സ്മരണയിൽ ക്രൈസ്തവ ലോകം നിറഞ്ഞുനിൽക്കുന്ന തിരുനാളാണ് പെസഹതിരുനാൾ. നാളെ മരിക്കും എന്ന് ഉറപ്പുള്ള ഒരാൾക്ക് എങ്ങനെ ഇന്നേദിനം ആനന്ദഭരിതമാക്കാനാവും? ക്രിസ്തുവിന് അത് സാധിച്ചു. കാരണം സ്നേഹത്തിന്റെ ദിവ്യ ദീപ്തിയാൽ മരണത്തെ കീഴ്പ്പെടുത്താം എന്ന ഉറപ്പ് യേശുവിനുണ്ടായിരുന്നു. ഐക്യവും സ്നേഹവും നിറഞ്ഞുനിൽക്കുന്ന ജീവിതത്തിലെ ഭക്ഷണമേശകളിൽ ആർക്കും മരണമില്ല. ഹൃദയങ്ങളെ കോർത്തിണക്കുന്ന അഭേദ്യമായ സ്നേഹം മരണത്തെ എളുപ്പത്തിൽ കീഴ്പ്പെടുത്തും.

സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല. അവസാനിക്കുന്നതൊന്നും സ്നേഹമല്ല. ജീവിതം തന്നെ അവസാനിക്കുന്നതാണെന്ന് കരുതുന്നവർക്ക് ജീവിതത്തിലെന്തും അവസാനിപ്പിക്കാൻ കഴിയും. ബത്‌ലഹേമിനും കാൽവറിക്കും മദ്ധ്യേയുള്ള മത്സരങ്ങളല്ല ജീവിതം. ഇവയ്ക്ക് രണ്ടിനുമിടയിലുള്ള ലാഭനഷ്ടങ്ങളുമല്ല. നമ്മളാണ് പറഞ്ഞത് യേശു കുരിശുമായി കാൽവരിയിലേക്ക് പോയെന്ന്. യേശു പറഞ്ഞത് പിതാവിന്റെ ഭവനത്തിലേക്ക് പോകുന്നുവെന്നാണ്. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. അവിടേയ്ക്ക് ഞാൻ നിങ്ങളെയും കൊണ്ടുപോകുമെന്ന് പറഞ്ഞാണ് യേശു യാത്ര തുടങ്ങിയത്. ദൈവത്തിന്റെ മനസ്സിലേക്കുള്ള യാത്രയിൽ കാൽവരിയോളം സ്നേഹം വേണമായിരുന്നു. അത് ക്രിസ്തുവിന് മാത്രമല്ല, എല്ലാവർക്കും അങ്ങനെതന്നെ. ആരെയും ഒഴിവാക്കാത്ത സ്നേഹം ഒരിക്കലും അവസാനിക്കാത്ത സ്നേഹബന്ധം അങ്ങനെയാണ് യാത്ര പൂർണ്ണമാകുന്നത്.

സ്നേഹം ഒരാളെ ഒരുപാട് സ്നേഹിക്കുന്നതല്ല. ഒരാളെപ്പോലും ഒഴിവാക്കാത്തതും, അവർക്ക് വേണ്ടി അവസാനം വരെ നിൽക്കുന്നതുമാണ്. ഇതാണ് ഒടുവിൽ ഒറ്റവരിയിൽ ക്രിസ്തു പറഞ്ഞത്.

“ഇതെന്റെ ശരീരമാണ് നിങ്ങൾക്കായി മുറിക്കപ്പെടുന്ന എന്റെ ശരീരം” എല്ലാം കൊടുത്തു, എല്ലാവർക്കും വേണ്ടി എന്നേക്കുമായി അതാണ് സ്നേഹം. അന്ത്യഅത്താഴം ആ സ്നേഹത്തിന്റെ വിരുന്നാണ്.

എല്ലാം അവസാനിപ്പിച്ചിരിക്കുന്ന ശിഷ്യന്മാരും, ഒരിക്കലും അവസാനിക്കില്ല, എന്റെ സ്നേഹം എന്നു പറയുന്ന ക്രിസ്തുവുമാണ് അത്താഴമേശയ്ക്കരികിൽ. അവർക്കത് വിരുന്നുമേശ. ക്രിസ്തുവിന് സ്നേഹത്തിന്റെ യാത്ര അവസാനിക്കാത്ത ആകാശം. ആ അത്താഴത്തിന് ക്രിസ്തു വിളിച്ചുകൂട്ടിയത് തന്നെ സ്നേഹിക്കുന്നുവെന്ന് ഉറപ്പുള്ള മനുഷ്യരെയല്ല, എല്ലാവരെയുമാണ്. ഒരാളുടെ കീശയിൽ നാണയമിളകുന്നത് ക്രിസ്തുവിനറിയാം. കൊല്ലാനിരിക്കുന്നയാൾക്ക് വേണ്ടി ക്രിസ്തു വിരുന്നൊരുക്കിയിരിക്കുന്നു. ആ സ്നേഹത്തിൽ നിന്ന് ക്രിസ്തു ആരെയും ഒഴിവാക്കിയില്ല. ആ സ്നേഹം ഒരിക്കലും അവസാനിക്കുകയുമില്ല. അവസാനിക്കാത്ത സ്നേഹത്തിന്റെ അവസാനത്തെ അത്താഴം.

## യെശയ്യാവ് 58:5–8

**എനിക്കു ഇഷ്ടമുള്ള നോമ്പും മനുഷ്യൻ ആത്മതപനം ചെയ്യുന്ന ദിവസവും ഇങ്ങനെയുള്ളതോ? തലയെ വേഴത്തെപ്പോലെ കുനിയിക്കുക; രട്ടും വെണ്ണീറും വിരിച്ച് കിടക്കുക; ഇതാകുന്നുവോ ഉപവാസം? ഇതിനോ നോമ്പെന്നും യഹോവയ്ക്ക് പ്രസാദമുള്ള ദിവസമെന്നും പേർ പറയുന്നതു?**

**അന്യായബന്ധനങ്ങളെ അഴിക്കുക; നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക; പീഡിതരെ സ്വതന്ത്രരായി വിട്ടയക്ക; എല്ലാ നുകത്തെയും തകർക്കുക; ഇതല്ലയോ എനിക്ക് ഇഷ്ടമുള്ള ഉപവാസം?**

**വിശപ്പുള്ളവനു നിന്റെ അപ്പം നുറുക്കിക്കൊടുക്കുന്നതും; അലഞ്ഞുനടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തുകൊള്ളുന്നതും; നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും; നിന്റെ മാംസരക്തങ്ങളായിരിക്കുന്നവർക്ക് നിന്നെത്തന്നെ മറെയ്ക്കാതിരിക്കുന്നതും അല്ലയോ?**

**അപ്പോൾ നിന്റെ വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കും; നിന്റെ മുറിവുകൾക്ക് വേഗത്തിൽ പൊറുതിവരും. നിന്റെ നീതി നിനക്കു മുമ്പായി നടക്കും. യഹോവയുടെ മഹത്വം പിമ്പടയായിരിക്കും.**

# നോമ്പിന്റെ അർത്ഥതലങ്ങൾ

## ഡോ. ക്രിസ്റ്റൻസൺ ഇ. സാരസം

നന്മകൾ നാമ്പിടുന്ന നവചൈതന്യത്തിന്റെ നേർ വഴികളിലേക്ക് വ്യക്തിത്വങ്ങളുടെ അന്തരാത്മാവിൽ കുളിർമഴ പെയ്യുന്ന നോമ്പിന്റെ നാളുകളിലാണ് നാം. ക്രിസ്തുവിന്റെ പീഡാസഹനങ്ങൾ അനുതാപ ത്തിലൂടെയും അനുകമ്പയിലൂടെയും അർത്ഥപൂർണമാക്കുന്ന തപസ്സു കാലം. ആർദ്രതയും മനസ്സലിവും, കാരുണ്യവും, വാത്സല്യവും ആവോളം അനുഭവവേദ്യമാക്കുന്ന ഒരു ഇടവേളയാണിത്. യേശുക്രിസ്തു സ്വയം ഏറ്റെടുത്ത പീഡാനുഭവം, ക്രൂശുമരണം, ഉയിർത്തെഴുന്നേല്പ് എന്നീ അനുഭവങ്ങൾ വിശേഷാൽ ധ്യാനിച്ച് ക്രിസ്തീയ ജീവിതത്തെ സംപു ഷ്ടമാക്കേണ്ട സന്ദർഭമാണിത്.

നോവുള്ള അൻപാണ് നോമ്പ്. ദൈവത്തിന് ലോകത്തോടുള്ള അൻപിന്റെ നോവാണ് കുരിശ്. നമുക്ക് വിലപ്പെട്ടത് എന്ന് നാം കരുതു ന്നത് വർജ്ജിക്കാനും വിലയേറിയതിനെ തിരിച്ചറിയാനും ഉതകുന്ന താണ് ആത്മാർത്ഥമായ നോമ്പാചരണം. നമ്മെത്തന്നെ ശോധന ചെയ്ത് പോരായ്മകൾ മനസ്സിലാക്കി, തിരുത്തപ്പെടാൻ വിധേയപ്പെ ടുന്ന ആത്മീയ പണിപ്പുരയാണിത്.

നൂറ്റാണ്ടുകളായി ചില പൗരസ്ത്യസഭകൾ ഉയിർത്തെഴുന്നേല്പ് ഞായറിനു മുമ്പുള്ള 50 ദിവസം വലിയ നോമ്പായി ആചരിക്കുന്നു. മറ്റു ചില സഭകൾ പ്രവാചകരായ മോശെ, ഏലിയാവ് ലോകരക്ഷകനായ ക്രിസ്തു എന്നിവരുടെ ഉപവാസവുമായി ബന്ധപ്പെടുത്തി നോമ്പ് 40 ദിവസമാക്കി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു, നോമ്പു ചാമ്പൽ/ക്ഷാര ബുധൻ ഫെബ്രുവരി 17-ാം തീയതി ആരംഭിച്ചുകഴിഞ്ഞു. മാർച്ച് മാസ ത്തിലുടനീളം നോമ്പ് തുടരും. കേവലം ഭക്ഷണക്രമീകരണങ്ങളിൽ ഒതു ങ്ങാതെ ക്രിസ്തുദർശനത്തിന്റെ തിരിച്ചറിവ് ഈ നോമ്പ് ദിനങ്ങളിൽ നമുക്കുണ്ടാവണം. ഉപവാസത്തിനുശേഷം മോശെയും ഏലിയാവും

യേശുകർത്താവും പ്രയത്നിച്ച മാതൃകയിൽ പ്രവർത്തിക്കേണ്ടതാണ്.

യേശുക്രിസ്തു യെരുശലേമിലേക്ക് കഴുതപ്പുറത്തേറി യാത്ര ചെയ്തത് ഹോശന്ന ഞായർ ആയി നാം ആചരിക്കുന്നു. കർത്താവിന് ഇതിനെക്കൊണ്ട് ആവശ്യമുണ്ട് (ലൂക്കൊ. 19:31) എന്നാണ് കഴുതയെപ്പ റ്റിപറഞ്ഞിരിക്കുന്നത്. മനുഷ്യരാൽ തള്ളപ്പെട്ടവരെയും തള്ളപ്പെട്ടതി നെയും കർത്താവ് ഉപയോഗിക്കുന്നു. കഴുതയെപ്പോലെ യേശുവിന് ഉപയോഗിക്കാൻ സ്വയം ഏല്പിക്കുമ്പോൾ നാം മാനിക്കപ്പെടും. നമ്മുടെ ജീവിതം നമുക്ക് മാത്രമുള്ളതല്ല നീ അപരനുവേണ്ടി എന്തുചെയ്തു എന്ന ചോദ്യം നമ്മോടുള്ളതാണ്. ക്രിസ്തുവിനെ ചുമന്ന കഴുതയും മരക്കുരിശ് താങ്ങിയ ശീമോനും നമുക്ക് മാതൃകയാണ്. നാം നമ്മുടെ ദൗത്യം നിറവേറ്റാതിരുന്നാൽ ദൈവം മറ്റാരെയെങ്കിലും അതിനായി നിയോഗിക്കും.

സ്വയം ശിക്ഷണത്തിന്റെയും ലാളിത്യത്തിന്റെയും ജീവിതവിശു ദ്ധിയുടേയും ആഴ്ചകൾ കടന്നുപോകുമ്പോൾ നമ്മുടെ ഉള്ളിൽ അർപ്പ ണബോധത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും നാമ്പുകൾ ഉടലെടു ക്കും. പ്രാർത്ഥന, ഉപവാസം, മദ്ധ്യസ്ഥത എന്നിവ നോമ്പിന്റെ ആണി ക്കല്ലുകളാണ്. പ്രാർത്ഥനയായ ആയുധവർഗ്ഗം ധരിച്ചു പോരാടിയാൽ സങ്കീർണമായ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകും. നാം ദൈവത്തോട് എന്ത് പറയുന്നു എന്നതിനേക്കാളുപരി ദൈവത്തിന് നമ്മോടു പറയാ നുള്ളത് ശ്രദ്ധയോടെ കേട്ട് അനുസരിക്കുന്നതിലൂടെ നോമ്പ് അർത്ഥ വത്താകും.

നോമ്പിന്റെ നാളുകളിലൂടെ, നമ്മുടെ ജീവിതത്തിന്റെ വിശുദ്ധീ കരണത്തിന്റെ പാതയിൽ നാം നടക്കാൻ ശീലിക്കുന്നു. ആ വിശുദ്ധി കാത്തു സൂക്ഷിക്കുവാൻ ക്രൂശിൽ പ്രാണത്യാഗം ചെയ്ത് ഉയിർത്ത കർത്താവിന്റെ സഹായം നമുക്ക് ആവശ്യമാണ്. "കോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ അത് തനിയെ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും (യോഹ. 12:14). സഹനം ജീവിതാനു ഭവം ആക്കുന്ന ഈ നാളുകളിൽ സ്വാർത്ഥതയുടെയും സ്വയം കേന്ദ്രീ കൃതഭാവങ്ങളും വെടിഞ്ഞ് വിശുദ്ധിയുള്ള ദൈവകേന്ദ്രീകൃത അനുഭവ ത്തിലേക്ക് വളരാൻ ഈ നോമ്പുകാലം സാധ്യമാവാൻ കൃപ നമുക്കു പ്രാപിക്കാം.

# What is LENT

The six weeks before Easter is called the "Lenten - Season". It is a time to focus on the suffering, death and resurrection of our Saviour, Jesus Christ. Because Jesus died, and thus paid for our sins, we have life because Jesus rose from the dead, we too will rise and enjoy heaven forever.

- The word "Lent" means "lengthen" and stands for that time in spring when the days grow longer.
- The original period of Lent was 40 hours. It was spent fasting to commemorate the suffering of Christ and the 40 hours He spent in the tomb.
- Lent starts on Ash Wednesday, 40 days before Easter.
- Sundays are not includes in those 40 days.

**I. THE LENTEN SEASON IS THE TIME OF PREPARATION**

The Lenten season is intentionally set aside for examination, instruction, repentance and prayer. This season is one of preparation for all the people of God.

**II. THE LENTEN SEASON IS THE TIME FOR PENITENCE AND DISCIPLINE**

Lent is the time for mourning, solemnity and sadness. In the Lenten season, self examination is crucial. An individual's response to the call for purposeful reflection on one's need for God is an important factor in choosing a discipline with which to actively observe Lent. For some, fasting is a means of self examination and denial yet, fasting is not an appropriate discipline for all people. The purpose of a Lenten discipline is to strip away those things which clutter one's life or impede one from being in relationship with God. It is also a time for people to experience and reflection the sufferings of Jesus.

**III THE LENTEN SEASON IS THE TIME FOR SPECIAL PRAYER**

During Lent many people give extra time to personal and public prayer. If my people who are called by My name will humble themselves, and pray, and seek my face, and turn from their wicked ways; then will I hear from heaven, and will forgive their sin, and will heal their land. (2 Chronicles 7:14)

## Safe in arms of jesus



## J. BOSE CHANDRAN BSc. BT

*We regret to inform you of the sad demise of Mr. J. Bose Chandran (88 Yrs) on January 12, 2021 A Gifted Teacher, he had dedicated his life to church music for over 50 years. He was former Choir Master at Mateer Memorial Church- Trivandrum; CSI Church, Marthandam and CSI Church Kaliancaud.*

## 4nd Death Anniversary



*In Ever loving memory of*

**Mr. M. Vijayan**

Rtd. Internal Financial Adviser
ISRO, Bangalore

Family No. 633

**who was called to Eternal Glory on 7th March - 2017**

*Inserted by wife, Children and Grand Children*

# In ever loving memory of



**Sri. SAM D. NELSON & Smt. LOVIES NELSON**

**11-11-1971 28-03-2010**

**(Rohini Motors)**

*Fondly Remembered By*

***Elizabeth Chellaswamy & Family***

# 30th Death Anniversary

(Called to eternal rest on 24-03-1991)

*In Ever Loving Memory of*



# Prof. Frederick John

*"We love thee well, but Jesus loves thee best"*

Prema Frederick
Praveen Frederick, Mary Ashlene, William
Prasanth Frederick, Aji Wills, Alan



## 4th Death Anniversary
## 20-03-2021

*In Ever loving memory of*

## D. DILLARK

Rtd. Deputy Director,
Department of Tourism,
Thiruvananthapuram

Family No. 1774

*Inserted by wife, Children and Grand Children*
*Pushpa Vihar 124 - A, Elankam Nagar*
*Thycaud P.O., Tvpm. 695 014*



## Sixth Death Anniversary
## 2-3-2021

*In loving memory of*

## H.Gladstone

(Rtd.Sr.Supt.Education Department,
Kerala)

*By Kala Gladsone,*
*Dr. Martin Gladstone,*
*Dr. Sarah C. Martin &*
*Matthew Martin*

# നോമ്പുകാലചിന്തകൾ

## എസ്. എസ്.

**ഉ**പവാസത്തിന്റെ ദിനങ്ങളാണല്ലോ നോമ്പുകാലം. ഉപവാസം എന്നാൽ ദൈവത്തോടു കൂടെ വസിക്കുക എന്നതാണ്, വെറുതെ പട്ടിണികിടക്കുന്നതാകരുത്. വചനം വായിക്കുന്നതിനും ധ്യാനിക്കുന്നതിനും അധികസമയം ചെലവഴിക്കണം. പ്രാർത്ഥനയിലൂടെ നാം ദൈവത്തോടിചേർന്ന് വസിക്കണം. അതിനായി പരിശ്രമിക്കണം. ഒരു തള്ളകോഴി മുട്ടകളെ തന്റെ ചൂടു ലഭിക്കുവാൻ വേണ്ടി ചുണ്ടുകൊണ്ടു നീക്കിനീക്കി തന്റെ അടിയിലേക്ക് ചേർത്തു വയ്ക്കുന്നതുപോലെ ഈ നാളുകളിൽ നമ്മെ അലട്ടുന്ന കാര്യങ്ങൾ, നീറുന്ന പ്രശ്നങ്ങൾ, പരിഹാരം കണ്ടെത്തുവാൻ കഴിയാത്ത വിഷയങ്ങൾ ഇവ യേശുവാകുന്ന തള്ളകോഴിയുടെ അടിയിലേക്ക് 1, 2, 3, 4 എന്നീ ക്രമത്തിൽ നിരത്തി അടുക്കിവച്ചുകൊടുക്കാം പ്രിയരെ ലൂക്കൊ 13:34 പ്രകാരം നമ്മുടെ നിരന്തരമായ പ്രാർത്ഥനയാലും ഉപവസത്താലും ചൂടുപകരാം. ഈ 40 ദിവസങ്ങളിൽ വചനം വായിക്കുന്ന സമയം കൂട്ടാം അതിനോടൊപ്പം എന്തെങ്കിലും വർജ്ജിക്കുവാനും ശ്രമിക്കാം. ഒരു നേരത്തെ ആഹാരമോ, മത്സ്യമാംസാദികളോ, പ്രിയപ്പെട്ട ചായകുടിയോ ഏതുമാകട്ടെ നമ്മുടെ ഹൃദയത്തിന്റെ നിശ്ചയവും വിശ്വസ്തതയും ദൈവം മാനിക്കും. ഒരു സാധാരണ മുട്ട ആ തള്ളക്കോഴിയുടെ അടിയിൽ ചൂടും കരുതലും കിട്ടി കാലുകളും ചിറകുകളും ചുണ്ടുകളും ഉള്ള ഒരു മനോഹരകോഴിക്കുഞ്ഞായി മാറുന്നതുപോലെ യേശു അപ്പൻ നമ്മുടെ പ്രശ്നങ്ങൾക്ക്, നിരാശകൾക്ക് പരിഹാരം തരുന്നത് നമുക്ക് ഈ നോമ്പുകാലങ്ങളിൽ അനുഭവിച്ചറിയാം. പ്രിയദൈവമക്കളെ ഒന്നു പരീക്ഷിച്ചുനോക്കൂ. ഉയിർത്തെഴുന്നേറ്റ യേശു അപ്പന് കിട്ടിയ ആ വെൺമയുള്ള അദ്രവത്വ ശരീരംപോലെ നമ്മുടെ മലപോലുള്ള പ്രശ്നങ്ങൾ രൂപാന്തരപ്പെടും തീർച്ച. നമ്മുടെ കർത്താവിന് നമ്മുടെ ഭൂത, വർത്തമാന, ഭാവി കാലങ്ങളെ നന്നായി അറിയാം. നന്മയായുള്ളത് തരുവാൻ അവിടുന്ന് മടിക്കയില്ല. മറക്കുകയുമില്ല.

എങ്ങനെ പ്രാർത്ഥിക്കണമെന്നു കൂടി ചിന്തിക്കാം. ആദ്യമായി **കർത്താവെ എന്നെ രക്ഷിക്കേണമേ** എന്നതാകട്ടെ നമ്മുടെ പ്രാർത്ഥ

ന. ദിനംതോറും നമ്മുടെ ജീവിതത്തിൽ വന്നുപോകുന്ന വലുതും ചെറുതുമായ പാപങ്ങളിൽ നിന്നും അനുസരണക്കേടിൽ നിന്നും യേശു അപ്പൻ നമ്മെ അവിടുത്തെ രക്തത്താൽ കഴുകി രക്ഷിക്കും. അഴുക്കു നിറഞ്ഞ ഈ ലോകത്തിൽ വിശുദ്ധിയെ കാത്തുകൊള്ളുക ശ്രമകരം തന്നെ. സംശയമില്ല. എന്നാൽ കടലിൽ താണുപോകാറായ പത്രോസിനെ കരംകൊടുത്തു രക്ഷിച്ചതുപോലെ നമ്മെയും അവിടുന്ന് രക്ഷിക്കും.

രണ്ടാമതായി കർത്താവേ **എന്നെ ഒന്നു ശോധന ചെയ്യേണമേ** എന്ന് നമുക്ക് പ്രാർത്ഥിക്കാം. ദാവീദ് ഒരു രാജാവായിരുന്നതിനാൽ തന്റെ തെറ്റു അവന് വലിയതായി തോന്നിയില്ല. നമ്മുടെ ചുറ്റുപാടുമുള്ളവർ ഭയങ്കരകാര്യങ്ങളെ ധൈര്യമായി ചെയ്യുമ്പോൾ ഞാൻ അവരെക്കാൾ better എന്ന ഒരു തോന്നൽ വരാം. എന്നാൽ യേശു അപ്പൻ നമ്മെ ശോധന ചെയ്തു പറഞ്ഞു തരുമ്പോൾ നാം ഊതികഴിച്ച പൊന്നുപോലെ പുറത്തുവരും. അതിനായി സമയം എടുത്തു പ്രാർത്ഥിക്കുവാൻ നമുക്ക് സാധിക്കും.

മൂന്നാമതായി എന്റെ യേശുകർത്താവേ **എന്നെ ധൈര്യപ്പെടുത്തണമേ** എന്ന് നമുക്ക് പ്രാർത്ഥിക്കാം. രക്ഷിക്കപ്പെട്ട നാളുകളിൽ അഥവാ മുൻകാലങ്ങളിൽ യേശുവിനായി ധൈര്യമായി നാം നിന്നവരായിരിക്കാം. ക്രമേണ നമ്മുടെ പ്രാർത്ഥനയുടെ ബലം നഷ്ടപ്പെട്ടിരിക്കാം, സമയം കുറഞ്ഞിരിക്കാം, ഉത്സാഹം കുറഞ്ഞിരിക്കാം. അതിന് പല കാരണങ്ങൾ നമുക്ക് പറയാൻ കഴിയുമായിരിക്കാം. എന്നാൽ താൻ തെറ്റു ചെയ്തു എന്നറിയാമായിരുന്നിട്ടും ശിംശോൻ പ്രാർത്ഥിക്കുകയാണ്. "ദൈവമേ ഈ ഒരു പ്രാവശ്യത്തേക്ക് എന്നെ ഒന്ന് ശക്തീകരിക്കേണമേ" തീർച്ചയായും പാപത്തെ വെറുക്കുകയും പാപികളെ സ്നേഹിക്കുകയും ചെയ്യുന്ന യേശു അപ്പൻ നമ്മെ ശക്തീകരിച്ച് യഥാസ്ഥാനത്താക്കും.

നാലാമതായി **എന്നെ ഒന്നു അയയ്ക്കേണമേ** എന്നു പ്രാർത്ഥിക്കാം.അങ്ങയെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുവാൻ നശിച്ചുകൊണ്ടിരിക്കുന്ന ആത്മാക്കളെപ്പറ്റിയുള്ള ഒരു ഭാരം എനിക്ക് തരേണമേ. എന്റെ കുടുംബത്തിലുള്ളവരെ, എന്റെ സ്നേഹിതരെ ഞാൻ അനുഭവിച്ചറിഞ്ഞ യേശു അപ്പനെ, ഞാൻ രുചിച്ചു നോക്കിയ യേശു കർത്താവിനെപ്പറ്റി പറയുവാനുള്ള ധൈര്യം എനിക്ക് തരേണമേ. നോഹയുടെ കാലംപോലെ മനുഷ്യപുത്രന്റെ വരവിൻ നാളിലും ആയിരിക്കും എന്ന മുന്നറിയിപ്പു നല്കിയ യേശു കർത്താവിനെ മദ്ധ്യാകാശത്തിൽ എതിരേല്പാൻ ഈ നോമ്പുകാലത്തിലൂടെ നമുക്ക് ഒരുങ്ങാം. ○

# In Tune with God's Voice

Daniel Wellington



**G**od's Kingdom has always been about establishing His rule over human culture and society. God's goal is more than just Church growth but the transformation of society into the domain of His righteous rule. We, as Christians are on a long and some time hazardous journey. We face many decisions and will have many needs on our pilgrimage to paradise. The Bible has been given to us to help us make those decisions and to meet those needs. It should be our constant companion studied diligently and consulted often along the way.

The letter to the Hebrews highlights how Christianity encouraged the believers to move beyond question about the basics of the faith and to follow the example of the many faithful men and women of the past who followed God in the midst of persecution.

The highest type of Christian character; the highest attainment of the Christian life is for a man to have God's love perfected in Him. Becoming like Christ is a life long experience. Therefore, we need patience with others and ourselves. All of us will have challenges and disappointments along the way. But if we put our trust in Him, we will grow spiritually and have character qualities that will radiate new life.

Many are getting increasingly anxious about their livelihood. Is it possible to heed our Lord Jesus' teaching in Mathew 6:25, "Do not worry about your life, what you will drink nor about your body, what you will put on"? Our Lord was not saying that we don't need to work. He was warning against those things becoming so important that we become slaves of money instead of trusting Him. "No one can serve two masters," He said (Matt.6:24). Seeking first the Kingdom of God and His righteousness is recognizing that no matter how much effort we expend to make a better life for ourselves and our families.

David asked for restoration with the Holy Spirit's fellowship with the Lord? Like David, turn it over to Him. King David recognized the danger

of not building our lives on the Scriptures. He said, "Your Word I have hidden in my heart that I might not sin against you." With a focus on the Word, we can build strong spiritual lives that will help us grow.

We ought to praise Him even in times of difficulty for God remembers "His mercy and His faithfulness". As we remember what God has done for us, We can trust Him to help us with todays difficulties as well as tomorrow's uncertainties.

Christians have fruit which is called the fruit of the Spirit: love, joy, peace, longsuffering, kindness, goodness , faithfulness, gentleness, self-control" (Gal.5:22-23). Each fruit is a different aspect of Christ-likeness. In the Gospels, we see how Christ exemplified these virtues.

Many people have a genuine desire to serve others, but for some, service is self-serving. This was true when Jesus was training His disciples. They were under the impression that following Him would make them great. But Jesus quickly set them straight. Jesus made it clear to them that they were in training to become servants: "whoever of you desires to be first shall be slave of all" (Mark 10:44). Only good leaders are those who are first and foremost of good servants. Our heavenly Father is all-powerful. Our feelings may fluctuate, but He is unchangeable. That's why we can sing these words from a hymn by Thomas Chisholm:

"Summer and winter, and springtime and harvest, sun, moon and stars in their courses above join with all nature in manifold witness to thy great faithfulness, mercy and love."

The Bible also tells us that "Christ ...... loved the Church and gave himself for us, that He might redeem us" (Titus 2"4). Our talk is to make sure our lives honor the One Who deserves our total dedication so that we'll grow spiritually and have character qualities that can blossom into New Life. Read God's Word often and be reminded that Jesus loves you and died for you: Praise is an indispensable preparation for the worship that will be our eternal joy. Let everything that has breath praise the Lord" (Ps. 150:6) To be perfect before God is not only the calling and the privilege of a man like Abraham, it is equally the duty of all his children. No one professing to be a Christian may turn away from it. It is a principle that lies at the very root of all true Christianity.

BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the **Book of Ezekiel chapters 26 to 35.** Kindly, read these chapters before attempting the quiz. These chapters talk about the Lord's judgement for the nations who had been enemies of Israel. According to some Bible scholars this reading portion also gives us a description of Lucifer who was once an Arch Angel of the Lord

Please read the questions and the portion more carefully and understand the context. The submitted answers might be accepted based on the difficulty of the question and reference, so everyone is encouraged to go through the answers being published (which is the format in which the answers are expected to be submitted), even though your name might be in the list.

Please substantiate your answers by stating references (verse) from the Bible.

The questions are prepared from the New International Version (NIV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam **before March 22nd through email at churchvoicequiz@gmail.com**

*Kindly write your name and time with date of submission on all correspondence. When sending answers as attachments in email, add the details inside the attachment itself.*
*Those who are writing answers on paper, kindly use a single side to write the answers and write the name on the same side.*
***Email is the only mode of communication.***
*Because of the current restrictions, answers will not be received at the church office.*

*The Bible Quiz can be downloaded every month using the URL https://is.gd/cvquiz You can also scan the QR code to go to the link.*

1. Who said of Jerusalem, "The gate of nations"?
2. Using which wood from Senir were the timber of Tyre made?
3. You were anointed as a guardian ...........
4. On which day did Ezekiel get the word of the Lord, "On that day I will make a horn grow for the Israelites, and I will open your mouth among them"?
5. Anguish will come upon whom when the foundations of Egypt are torn down?
6. Who was once a cedar in Lebanon, with beautiful branches overshadowing the forest, towering on high, and its top above the thick foliage?
7. Meshek and ......................... are there, with all their hordes around their graves.
8. In the twelfth year of exile, in the tenth month on the fifth day, a man who had escaped from Jerusalem came to Ezekiel and said what?
9. The Lord says that He will place whom over His flock as shepherd and prince?
10. The Soverign Lord says that He is against which Mount?

*Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions.*

*The correct answers to the quiz from Ezekiel 16 to 25*

1. Sabbaths (20:12)
2. Do I take any pleasure in the death of the wicked (18:23)
3. The people of Israel (22:18)
4. Two (21:19)
5. Jerusalem (23:4)
6. Samaria (16:46)
7. Vine (19:10)
8. Rabbah (25:5)
9. Egypt (17:15)
10. Evening (24:18)

List of people who had submitted the right answers (along with the reference)

1. E. H. Helen Saramma
2. Latha Job
3. Sujana Satish
4. Abin S. B.
5. Buela Jsamin N.
6. Sreekumaran K.
7. Shireen Evangeline Ross
8. Mahil Ajith
9. Soben S. L.
10. Dora Johnson
11. Mary Shiny Varghese
12. Menaka Jerry
13. Mary Padmini Jasper
14. Irine C. L.
15. Grace Ammal V.
16. Sheela Jospeh J. G.
17. Soumya Hubert
18. Binil Winfred
19. Reeba Binil
20. Dr. Valsala D.
21. Premila Janelet Sylam
22. N. S. Nesakumari Davidson
23. Angela J. Das
24. Jaya Prameela J. L.
25. Meehal Godwin
26. Reuben S. L.
27. Anie Reuben
28. Archana S. P.
29. Nirmala Lal Jayakumar
30. Rajesh John Ross
31. Girly Rajesh Ross
32. Lilora P. R.
33. Anitha Kingsley
34. Mershika John

Name that got omitted by mistake in last month's list of right answers

1. Dr. Valsala D.

---

## ചർച്ച് വോയിസ് ബൈബിൾ ക്വിസ്സ് മലയാളം പരിഭാഷ
## മാർച്ച് 2021 യെഹെസ്കേൽ 26–35

**എല്ലാ മാസവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ചതിനുശേഷം ഉത്തരങ്ങൾ എഴുതുക. നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിക്കുന്ന ഉത്തരങ്ങൾ മറ്റുള്ളവയുടെ കൂടെ പരിഗണിക്കുകയില്ല.**

1. യെരൂശലേമിനെക്കുറിച്ച് "ജാതികളുടെ വാതിലായിരുന്നവൾ" എന്നു പറഞ്ഞതാര്?
2. സെനീരിലെ എന്തു മരംകൊണ്ടാണ് സോരിന്റെ പാർശ്വമൊക്കെയും പണിതതു?
3. നീ ചിറകു വിടർത്തി മറയ്ക്കുന്ന ........................ ആകുന്നു.
4. "അന്നാളിൽ ഞാൻ യിസ്രായേൽ ഗൃഹത്തിന് ഒരു കൊമ്പ് മുളയ്ക്കുമാറാക്കി അവരുടെ നടുവിൽ നിനക്ക് തുറന്ന വായ് നൽകും", ഏതു ദിവസമാണ് യെഹെസ്കേലിന് ഈ അരുളപ്പാട് ലഭിച്ചത്?
5. മിസ്രയീമിന്റെ അടിസ്ഥാനങ്ങൾ ഇടിക്കുമ്പോൾ ആർക്ക് അതിവേദനയുണ്ടാകും?
6. ലെബാനോനിൽ ഭംഗിയുള്ള കൊമ്പുകളോടും തണലുള്ള ഇലകളോടും പൊക്കത്തിലുള്ള വളർച്ചയോടും കൂടിയ ഒരു ദേവദാരുവായിരുന്നതാര്?
7. അവിടെ മേശെക്കും ........................ അതിന്റെ സകല പുരുഷാരവും ഉണ്ട്.
8. പ്രവാസത്തിന്റെ പന്ത്രണ്ടാം ആണ്ട്, പത്താം മാസം, അഞ്ചാം തിയതി, യെരൂശലേമിൽ നിന്ന് ചാടിപ്പോയ ഒരുത്തൻ യെഹെസ്കേലിന്റെ അടുക്കൽ വന്ന് പറഞ്ഞതെന്ത്?
9. യഹോവ തന്റെ ആട്ടിൻകൂട്ടത്തിന്റെ ഇടയനും പ്രഭുവുമായി ആരെ നിയമിക്കും എന്നാണ് പറയുന്നത്?
10. യഹോവയായ കർത്താവ് ഏതു പർവതത്തോടാണ് വിരോധമായിരിക്കുന്നതു എന്നു പറയുന്നത്?

# C.S. I. MATEER MEMORIAL CHURCH

## Receipts & Payments Accounts for the Month January- 2021

| Sl. No. | Particulars | Receipts Jan-21 | Payments Jan-21 |
|---|---|---|---|
| | **Church General Fund A/c** | | |
| | **Opening Balance** | | |
| 1 | OB-Cash | 118392 | 0 |
| 2 | OB-DT Church Special Fund | 310487 | 0 |
| 3 | OB-SBI Church Special Fund | 411002 | 0 |
| 4 | OB-Syndicate Bank | 7643 | 0 |
| | | **847524** | **0** |
| | **Offertory** | | |
| 1 | Offertory 6 am Service | 45260 | 0 |
| 2 | Offertory 7 am Service | 36050 | 0 |
| 3 | Offertory 8.30 am Service | 63570 | 0 |
| 4 | Offertory 8.30 am Communion Service | 7000 | 0 |
| 5 | Offertory 10.30 am Service | 31003 | 0 |
| 6 | Offertory 4.15 pm Service | 22309 | 0 |
| 7 | Other Offering | 47880 | 0 |
| 8 | Offerings in Kind | 900 | 0 |
| 9 | Birthday Offering | 34901 | 0 |
| 10 | Marriage Thank Offering | 12500 | 0 |
| 11 | Marriage Anniversary Offering | 17151 | 0 |
| 12 | Thank Offering | 83260 | 0 |
| 13 | Offertory Box | 21690 | 0 |
| 14 | Monthly Sangam Offering | 299705 | 0 |
| 15 | Monthly Sangam Offering - Arrear | 4900 | 0 |
| | | **728079** | **0** |
| | **Salaries And Allowances** | | |
| 1 | Salary - Pastors (Salary + increment Arrear) | 0 | 220616 |
| 2 | Salary - Staff ,, ,, | 0 | 204292 |

| | | | |
|---|---|---|---|
| 3 | Wages - Regular Security | 0 | 16200 |
| 4 | Wages - Sweeper | 0 | 17500 |
| 5 | Other Wages | 0 | 15000 |
| 6 | Loan - Rajeev T | 2500 | 0 |
| 7 | Loan - Darwin D L | 5000 | 0 |
| 8 | Loan - Anil Kumar S | 2500 | 0 |
| 9 | External Marriage Allowance | 0 | 10000 |
| 10 | Cover Distribution Allowance | 0 | 6000 |
| 11 | Monthly Assistance - Ex.Sexton-Mr. Hudson K. | 0 | 7000 |
| 12 | Monthly Assistance - Ex.Sexton-Mr. Johnson M. | 0 | 7000 |
| 13 | Monthly Assistance - Ex.Sweeper-Mrs.Subhadra D | 0 | 4000 |
| 14 | Gift to Others | 0 | 1000 |
| | | **10000** | **508608** |
| | **Transfer to Diocese/Bank (Recoveries & Dues)** | | |
| 1 | 20% Levy | 0 | 179612 |
| 2 | Palliative Care Program | 2500 | 2500 |
| 3 | Mangalya SKD | 0 | 50000 |
| 4 | Pension Contribution of Pastors | 3764 | 3764 |
| 5 | CPF Contribution from Church | 12582 | 12582 |
| 6 | 1% to District Fund | 0 | 8981 |
| 7 | 1% to Missionary Fund | 0 | 8981 |
| 8 | 1% to Disabled Workers | 0 | 8981 |
| 9 | Pension Contribution from Church | 15722 | 15722 |
| 10 | CPF Contribution of Pastors | 12582 | 12582 |
| 11 | Staff Welfare Fund Contribution By Staff | 15776 | 0 |
| | | **62926** | **303705** |
| | **Library & Halls** | | |
| 1 | Library-Sale of English Hymnals | 150 | 0 |
| 2 | Sexton Quarters Electricity Charge | 0 | 1239 |
| 3 | KJM Hall Rent | 500 | 0 |
| | | | |

| | | | |
|---|---|---|---|
| 4 | Kowdiar Prayer Center Mainteance | 0 | 248 |
| | | **650** | **1487** |
| | **Repairs & Maintenance** | | |
| 1 | Rep. and Maint. of Church Building | 18500 | 15307 |
| 2 | Rep. and Maint. of Electrical Systems | 0 | 2249 |
| 3 | Rep. and Maint. of Church PA Systems | 0 | 2030 |
| 4 | Maint. of Church premises / Garden | 0 | 9150 |
| 5 | Rep. and Maint. of Others in Church | 0 | 6367 |
| 6 | Rep. and Maint. of Computer and Acc | 0 | 2450 |
| | | **18500** | **37553** |
| | **Mission Support** | | |
| 1 | City Mission-Rajaji Nagar | 13705 | 22548 |
| 2 | City Mission-Kothalam | 12050 | 933 |
| 3 | City Mission-Prasanth Nagar | 0 | 1161 |
| | | **25755** | **24642** |
| | **Poor Fund** | | |
| 1 | Poor help | 11100 | 3530 |
| 2 | Non Member Marriages -- Poor Help | 30000 | 10000 |
| 3 | Widow and Invalid Pension | 0 | 22750 |
| 4 | Medical help | 10000 | 13000 |
| 5 | Non Member Marriages -- Poor Marriage Help | 30000 | 10000 |
| 6 | Educational Help | 0 | 3000 |
| 7 | Free food to SMCSIH | 6300 | 0 |
| 8 | House Maintenance Help | 25000 | 94260 |
| | | **112400** | **156540** |
| | **Endowment Funds** | | |
| 1 | Endowment Fund | 45000 | 0 |
| | | **45000** | **0** |
| | **Special Programmes** | | |
| 1 | Christmas Decoration & Illumination | 0 | 38500 |
| 2 | Miscellaneous Exp in Fancy Sale | 0 | 1000 |

| | | | |
|---|---|---|---|
| 3 | Fancy Sale Donation | 108040 | 0 |
| 4 | Fancy Sale Bid Amount | 61440 | 0 |
| | | **169480** | **39500** |
| | **Church Administration** | | |
| 1 | Electricity Charges of Church | 0 | 18963 |
| 2 | Telephone Charges | 0 | 2276 |
| 3 | Conveyance Charges | 0 | 400 |
| 4 | Hospitality | 0 | 4461 |
| 5 | Caution Deposit | 13000 | 15000 |
| 6 | Photocopy/Copier | 0 | 400 |
| 7 | Stationary | 0 | 457 |
| 8 | Extra Security Guard Charges | 3500 | 1500 |
| 9 | Church Voice | 1000 | 5000 |
| 10 | Marriage Choir Fees | 23000 | 5000 |
| 11 | Administrative Charges | 21000 | 7000 |
| 12 | Auditor Fee | 0 | 7735 |
| 13 | Advance - Church Maintenance Convenor | 0 | 5000 |
| | | **61500** | **73192** |
| | **Payments & Withdrawals from Bank Accounts** | | |
| 1 | Transfer to TJM Hall A/c. | 0 | 10157 |
| 2 | Transfer from Missionary A/c. | 106905 | 0 |
| 3 | Transfer to P&MC A/c. | 0 | 806 |
| 4 | Transfer to Cemetery A/c. | 0 | 2206 |
| | | **106905** | **13169** |
| | **Closing Balance** | | |
| 1 | CB-Cash | 0 | 192646 |
| 2 | CB-DT Church Special Fund | 0 | 310487 |
| 3 | CB-SBI Church Special Fund | 0 | 519547 |
| 4 | CB-Syndicate Bank | 0 | 7643 |
| | | 0 | 1030323 |
| | | **2188719** | **2188719** |

| | | | |
|---|---|---|---|
| | **Parsonage and Missionary Complex A/c.** | | |
| 1 | OB-SBI Parsonage and Missionary Complex A/c | 420367 | 0 |
| 2 | SBI Rent | 96795 | 0 |
| 3 | JM Hall Rent | 200 | 0 |
| 4 | Transware Enterprises | 119336 | 0 |
| 5 | Rep. and Maint. of Parsonage | 0 | 247 |
| 6 | Electricity | 0 | 759 |
| 7 | TDS-Rent (oct,nov,dec) | 0 | 54441 |
| 8 | GST | 38903 | 38903 |
| 9 | TDS Credit-GST | 2315 | 0 |
| 10 | PMC Levy to Diocese | 0 | 38943 |
| 11 | Bank Interest-PMC A/c | 3973 | 0 |
| 12 | Transfer from MMChurch Cemetery A/c. | 600000 | 0 |
| 13 | Transfer to MMChurch TJM Hall A/c. | 0 | 659340 |
| 14 | Transfer to MM Church General A/c. | 806 | 0 |
| 15 | CB-SBI Parsonage and Missionary Complex A/c | 0 | 490062 |
| | | **1282695** | **1282695** |
| | **Missionary Fund A/c.** | | |
| 1 | OB-SBI Missionary A/c | 566215 | 0 |
| 2 | Mission Monthly Offering | 70180 | 0 |
| 3 | Board For Mission SKD | 102000 | 145000 |
| 4 | Mission Village Project | 39225 | 0 |
| 5 | New Mission Field Work | 0 | 4500 |
| 6 | Transfer to MM Church General A/c. | 0 | 106905 |
| 7 | CB-SBI Missionary A/c | 0 | 521215 |
| | | **777620** | **777620** |
| | **TJM Hall A/c.** | | |
| 1 | OB-SBI TJM Hall A/c | 899925 | 0 |
| 2 | TJM Hall Rent | 252000 | 0 |
| 3 | TJM Hall Repair & Maintenance-Building | 0 | 43585 |
| 4 | TJM Hall Repair & Maintenance-Electrical | 0 | 470 |

| | | | |
|---|---|---|---|
| 5 | Caution Deposit | 60000 | 30000 |
| 6 | Capital Work in TJM Hall | 0 | 1185695 |
| 7 | Electricity Charges | 0 | 7625 |
| 8 | CGST | 22680 | 28125 |
| 9 | SGST | 22680 | 28125 |
| 10 | Flood Cess | 2520 | 3090 |
| 11 | TJM Hall Other Expense | 0 | 20000 |
| 12 | Cleaning Materials | 0 | 71 |
| 14 | Advance - TJM Hall Caretaker | 20000 | 20000 |
| 15 | Salary-Caretaker | 0 | 20000 |
| 16 | Transfer from MMChurch P&MC A/c. | 659340 | 0 |
| 17 | Transfer from MM Church General A/c. | 10157 | 0 |
| 18 | CB-SBI TJM Hall A/c | 0 | 562516 |
| | | **1949302** | **1949302** |
| | **Cemetery A/c.** | | |
| 1 | OB-SBI Cemetery A/c | 305995 | 0 |
| 2 | Rep. and Maint. of Cemetry Garden | 0 | 18580 |
| 3 | Rep. and Maint. of Electrical Items in Cemetry | 0 | 13937 |
| 4 | Rep. and Maint. of Others in Cemetry | 0 | 3830 |
| 5 | Individual Vault Charges | 4000 | 0 |
| 6 | Common Vault Charges | 1000 | 0 |
| 7 | Individual Vault Booking Charges | 5000 | 0 |
| 8 | Family Vault Donation | 400000 | 0 |
| 9 | Cemetry Chapel Rent | 1400 | 0 |
| 10 | Cemetry Chapel Cleaning | 0 | 1400 |
| 11 | Cemetry Chapel Electricity Charge | 0 | 859 |
| 12 | Transfer to MM Church P&MC A/c. | 0 | 600000 |
| 13 | Transfer from MM Church General A/c. | 2206 | 0 |
| 14 | CB-SBI Cemetery A/c | 0 | 80995 |
| | | **719601** | **719601** |
| | | | |


Annual Harvest Festival

# 114th Church Dedication Day - 6th December 2020

